I ഇ.ബി. XV -  കേരള നിയമസഭ/VIII-13

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 3, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

ഷുഹൈബ് വധക്കേസിലെ ഗൂഢാലോചന സംബന്ധിച്ച തുടരന്വേഷണം

മി. സ്പീക്കർ: എടയന്നൂർ ഷുഹൈബ് വധക്കേസിലെ പ്രതിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേസിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ തുടരന്വേഷണത്തിന് സർക്കാർ തയ്യാറാകാത്തതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഷുഹൈബ് വധക്കേസ് സംബന്ധിച്ച് മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നതാണ്. കേസന്വേഷണം സി.ബി.ഐ.-ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് കൊല്ലപ്പെട്ട ഷുഹൈബിന്റെ മാതാപിതാക്കൾ ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി സിംഗിൾ ബഞ്ച് അവർക്കനുകൂലമായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും കേരള പോലീസ് നടത്തിയ അന്വേഷണം സ്വതന്ത്രവും ആത്മാർത്ഥവും നിഷ്പക്ഷവും നീതിയുക്തവുമാണെന്ന് ചൂണ്ടിക്കാണിച്ച് സർക്കാർ ഡിവിഷൻ ബഞ്ചിനെ സമീപിച്ചതിനാൽ പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തു; മാതാപിതാക്കൾ അതിനെതിരെ സുപ്രീംകോടതിയെ സമീപിച്ചെങ്കിലും അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ ഹർജി പിൻവലിച്ചു. കേസ് സി.ബി.ഐ.-ക്ക് കൈമാറണമെന്ന സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ ഡിവിഷൻ ബഞ്ച് അനുവദിക്കുകയും പോലീസ് നടത്തിയ അന്വേഷണത്തിലെ പോരായ്മ സംബന്ധിച്ച് കേസന്വേഷണ ഘട്ടത്തിലോ അന്തിമ റിപ്പോർട്ട് നൽകിയ അവസരത്തിലോ ഹർജിക്കാർ മജിസ്ട്രേറ്റ് കോടതിയെയോ ഹൈക്കോടതിയെയോ സമീപിച്ചിരുന്നില്ലെന്നും

കേസന്വേഷണം സുതാര്യമല്ലെന്ന വാദം നിലനിൽക്കുന്നതല്ലെന്നും വിലയിരുത്തിയിരുന്നു; എന്നാൽ ഡിവിഷൻ ബെഞ്ച് ഉത്തരവിനെതിരെ ഹർജിക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. പ്രമേയത്തിൽ പരാമർശിച്ച വിഷയം നിലവിൽ സുപ്രീംകോടതിയുടെയും തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടെയും പരിഗണനയിലാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: ഷുഹൈബ് വധക്കേസിലെ പ്രതികൾ സി.പി.ഐ. (എം) നട<u>ത്തു</u>ന്ന ക്വട്ടേഷൻ സംഘത്തിലുൾപ്പെട്ടവരും പാർട്ടിയിൽനിന്ന് പുറത്താക്കപ്പെട്ടവരുമാണ്. കൊലപാതകം നടത്തിയത് പാർട്ടിക്കുവേണ്ടിയാണെന്നും പാർട്ടിയാണ് ചെയ്യിച്ചതെന്നും ഫേസ്ബുക്ക് പോസ്റ്റിലൂടെ ഒന്നാംപ്രതി വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ, CrPC പ്രകാരം പുനരന്വേഷണത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഒന്നാംപ്രതിക്ക് പാർട്ടിയുമായി ബന്ധമില്ലെന്നും ക്വട്ടേഷൻ പാർട്ടി കൊടുത്തതല്ലെന്നും ആവർത്തിച്ചുപറയുമ്പോഴും ഷുഹൈബിന്റെ മാതാപിതാക്കൾ നൽകിയ ഹർജിക്കെതിരെ സർക്കാരിനുവേണ്ടി ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ് വാദിക്കാനായി പ്രമുഖ ക്രിമിനൽ വക്കീലന്മാരെ നിയോഗിച്ചതും വൻതുക ചെലവഴിച്ച് അവർക്ക് താമസ-ഭക്ഷണ-വാഹന സൗകര്യങ്ങൾ ഒരുക്കിയത് എന്തിനാണെന്നും

മറുപടി പറയണം. പ്രതികൾക്ക് നിയമപരമായ സഹായം ലഭ്യമാക്കിയതിനുപുറമെ ജയിലിലും സൗകര്യങ്ങൾ ചെയ്തുകൊടുത്തു. പ്രതികൾ സഞ്ചരിച്ച കാറിന്റെ ഉടമയ്ക്കും കാർ വാടകയ്ക്കെടുത്തവർക്കും ചാർജ്ജ്ഷീറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കണം. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധി ലംഘിച്ചുകൊണ്ട് യു.എ.പി.എ. ചുമത്താതെ പ്രതികളെ രക്ഷപ്പെടുത്തുകയാണ് ചെയ്തത്. എടയന്നൂരിൽ നടത്തിയ പ്രകടനത്തിൽ കൊലപാതക ഭീഷണി ഉയർത്തുന്ന മുദ്രാവാക്യം മുഴക്കിയ മുൻമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ ഇതുവരെ ചോദ്യം ചെയ്തിട്ടില്ല. കണ്ണൂർ കളക്ടറേറ്റിൽ വച്ചുനടന്ന സമാധാനയോഗത്തിൽ സി.ബി.ഐ. അന്വേഷണം നടത്തുന്നതിൽ എതിർപ്പില്ലെന്ന് മുൻമന്ത്രി പറഞ്ഞെങ്കിലും സർക്കാർ അതിന് തയ്യാറാകുന്നില്ല. പ്രസ്തുത കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് വിടാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേസന്വേഷണം സി.ബി.ഐ.-ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചത് ഷുഹൈബിന്റെ മാതാപിതാക്കളാണ്. യു.എ.പി.എ. ചുമത്താവുന്ന കേസാണിതെന്ന സിംഗിൾ ബഞ്ച് വിധി കേരളത്തിലെ

പോലീസ് സംവിധാനത്തിനെതിരെയുള്ള പരാമർശമായതിനാൽ അതിനെതിരെ ഗവൺമെന്റിന് ഡിവിഷൻ ബഞ്ചിനെ സമീപിക്കേണ്ടതായിവന്നിട്ടുണ്ട്. കേസ് സി.ബി.ഐ.-ക്ക് കൈമാറുന്നതിനാവശ്യമായ വസ്തുതകളൊന്നും സിംഗിൾ ബഞ്ച് കണക്കിലെടുത്തില്ലെന്ന വിലയിരുത്തലോടെ ഡിവിഷൻ ബഞ്ച് പ്രസ്തുത വിധി സ്റ്റേ ചെയ്യുകയും ഡിവിഷൻ ബഞ്ചിന്റെ നിലപാടിനെതിരെ ഷുഹൈബിന്റെ മാതാപിതാക്കൾ സുപ്രീംകോടതിയെ സമീപിക്കുകയും ചെയ്തെങ്കിലും അതിൽ ഇടപെടാൻ സുപ്രീംകോടതി തയ്യാറായില്ല. പ്രസ്തുത കേസ് ദുർബലമാക്കുന്നതിനുള്ള നടപടികളൊന്നും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. കേസന്വേഷണവുമായി ബന്ധപ്പെട്ട കുറ്റപത്രം കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. അന്വേഷണത്തിലെ പോരായ്മയുമായി ബന്ധപ്പെട്ട പരാതികളൊന്നും അന്വേഷണഘട്ടത്തിലോ അന്തിമ റിപ്പോർട്ട് നൽകിയ അവസരത്തിലോ ഹർജിക്കാർ ഉന്നയിക്കാത്തതിനാൽ കേസന്വേഷണം സുതാര്യമല്ലെന്ന വാദം നിലനിൽക്കുന്നതല്ലെന്ന് ഡിവിഷൻ ബഞ്ച് വ്യക്തമാക്കുകയും അതിനെതിരെ ഹർജിക്കാർ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട്

പോലീസ് നടത്തിയ അന്വേഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവം ഉണ്ടായിട്ടുണ്ടെന്ന് സ്ഥാപിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. പൊതുജീവിതത്തിന്റെ സ്വസ്ഥതയ്ക്ക് ഇടങ്കോലിടുന്ന അക്രമിസംഘങ്ങളെ ഉന്മൂലനം ചെയ്യണമെന്നതാണ് സർക്കാർ നിലപാട്. കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കാറില്ല. ആകാശ് എം.വി., ജിജോ കെ. വി. എന്നിവർ കണ്ണൂർ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ പരിധിയിൽ നിരവധി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ജനങ്ങളുടെ സ്വൈരജീവിതത്തിന് ഭീഷണിയാകുന്ന സാഹചര്യത്തിലാണ് 'കാപ്പ' നിയമപ്രകാരം ഇവരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിരിക്കുന്നത്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ പരാതികളോ തെളിവുകളോ അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ചതായുള്ള യാതൊരു റിപ്പോർട്ടും ലഭിച്ചിട്ടില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി

അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കോവൂർ കുഞ്ഞുമോൻ: സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതിനാൽ രണ്ട് ലക്ഷത്തോളം വരുന്ന കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് അർഹതപ്പെട്ട തൊഴിൽദിനങ്ങൾ, കുടിശ്ശിക ബോണസ്, ഇ.എസ്.ഐ. ആനുകൂല്യം, പ്രോവിഡന്റ് ഫണ്ട് വിഹിതം എന്നിവ ലഭ്യമാക്കുന്നതിനും കാലോചിതമായി കൂലി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ നഷ്ടപ്പെടാതെ മെക്കനൈസേഷൻ കൊണ്ടുവരുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതിയെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കാഷ്യൂ കോർപ്പറേഷനിലും കാപ്പക്സിലും പരമാവധി തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ട്. അടുത്ത വർഷം വിവിധ

രാജ്യങ്ങളിലുള്ള ഗവൺമെന്റ് ഏജൻസികളിൽനിന്ന് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ടുള്ള തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്വകാര്യ വ്യവസായ സംരംഭങ്ങളുടെ തൊഴിൽ സംരക്ഷിക്കുന്നതിനാണ് ഗവൺമെന്റ് പ്രഥമ പരിഗണന നൽകുന്നത്. സ്ത്രീതൊഴിലാളികൾക്ക് അനുയോജ്യമായ തൊഴിലിടം ഉറപ്പുവരുത്തുന്നതിനും ഷെല്ലിംഗിന്റെ മോഡണൈസേഷനുംവേണ്ടി തുക അനുവദിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ മോഡണൈസേഷൻ, അപ്ഗ്രഡേഷൻ ഓഫ് ടെക്നോളജി തുടങ്ങിയവയ്ക്ക് മുടക്കുന്ന തുകയ്ക്ക് 40 ലക്ഷം രൂപവരെ ഗവൺമെന്റ് ക്യാപിറ്റൽ ഇൻസെന്റീവായി നൽകുന്നുണ്ട്. സ്ത്രീകൾ, ചെറുപ്പക്കാർ തുടങ്ങിയ സംരംഭകർക്ക് 10 ശതമാനം അധിക മൂലധന സബ്സിഡി നൽകാനും വർക്കിംഗ് ക്യാപ്പിറ്റലിനായി എടുക്കുന്ന തുകയ്ക്ക് നൽകേണ്ടിവരുന്ന പലിശയുടെ 50 ശതമാനം (പരമാവധി 10 ലക്ഷം രൂപവരെ) ഗവൺമെന്റ് വഹിക്കാനും തീരുമാനിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് എല്ലാ വിഭാഗം ആളുകളുമായും ചർച്ച ചെയ്ത് സമൂലമായ മാറ്റംവരുത്തി കശുവണ്ടി വ്യവസായം ലാഭകരമാക്കാനും തൊഴിലാളികൾക്ക് മാന്യമായി ജീവിക്കാൻ കഴിയുന്നതരത്തിൽ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്താനും നടപടി

സ്വീകരിക്കുന്നതാണ്. ഇ.എസ്.ഐ.-യുടെ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടത് കേന്ദ്രസർക്കാരാണ്. തൊഴിലാളികളുടെ ജീവിതച്ചെലവിലുണ്ടായ വർദ്ധനവും സ്ഥാപനങ്ങൾക്ക് കൊടുക്കാൻ കഴിയുന്ന സാമ്പത്തിക ഘടകവും പരിഗണിച്ച് കൂലിവർദ്ധനയുണ്ടാകണമെന്നു തന്നെയാണ് സർക്കാർ കാണുന്നത്.

## (2) മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പി. അനിൽകുമാർ: അവയവമാറ്റ ശസ്ത്രക്രിയയിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുകയും രജിസ്ട്രേഷൻ ഫീസ് നിർത്തലാക്കുകയും ചെയ്ത് മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ ആശുപത്രികളെ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സജ്ജമാക്കുന്നതിനും രക്തബന്ധമില്ലാത്തവരിൽനിന്നുള്ള അവയവമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും ശ്രമം നടത്തണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാർ മേഖലയിൽ നടത്തുന്നുണ്ട്. 1994-ലും 2014-ലും നിലവിൽ വന്ന നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് അവയവമാറ്റവുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾ നടക്കുന്നത്. ബന്ധുക്കൾ തമ്മിലുള്ള അവയവദാനത്തിന് ആശുപത്രികളിൽ രൂപീകരിച്ചിട്ടുള്ള മെഡിക്കൽ ബോർഡിന്റെയും ബന്ധുവേതര അവയവദാനത്തിന് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ഓതറൈസേഷൻ കമ്മിറ്റിയുടെയും അനുമതി ആവശ്യമാണ്. ഇതിൽ ബന്ധുവേതര അവയവദാനത്തിനാണ് കൂടുതൽ നടപടിക്രമങ്ങൾ ആവശ്യമായിവരുന്നതെങ്കിലും ആയത് ലഘൂകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അവയവദാന പ്രക്രിയയിൽ ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാടുകളൊന്നുമില്ലെന്നുള്ളതും പൂർണ്ണമായ ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനം നടത്തുന്നതെന്നും തെളിയിക്കുന്ന രേഖകൾ ആശുപത്രി മുഖാന്തരം ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി പരിശോധിച്ചതിനുശേഷമാണ് ശസ്ത്രക്രിയയ്ക്ക് അനുവാദം നൽകുന്നത്. ലിവർ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി ഓതറൈസേഷൻ കമ്മിറ്റിയുടെ അനുമതി താമസംവിനാ നൽകുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ കരൾ, വൃക്ക, ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കും ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ

കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഓർഗൻ ട്രാൻസ്പ്ലാന്റേഷനുവേണ്ടി മാത്രം ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. മസ്തിഷ്കമരണം സംഭവിക്കുന്ന രോഗികളിൽ നിന്നും ബന്ധുക്കളുടെ സമ്മതപ്രകാരം അവയവദാനം നടത്തുന്നതിനുള്ള പശ്ചാത്തലസൗകര്യം സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മൃതസഞ്ജീവനി പദ്ധതിയിൽ 3156 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയവദാനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിനുംവേണ്ടി പ്രോട്ടോകോൾ തയ്യാറാക്കാൻ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളിൽ നിന്നും 18-03-2013-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് ഫീസ് ഈടാക്കിവരുന്നത്. അവയവദാനവുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പതിനാല് ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് മാറ്റിവച്ചുകൊണ്ട് ട്രാൻസ്പ്ലാന്റേഷനുശേഷം തുടർചികിത്സയ്ക്കുള്ള മരുന്ന് ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

## III. സബ്മിഷൻ

(1) ആചാരസ്ഥാനികരുടെയും കോലധാരികളുടെയും വേതനം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ഉത്തരമലബാറിലെ ആചാരസ്ഥാനികരുടെയും കോലധാരികളുടെയും വേതനത്തിനുള്ള വിഹിതം ബഡ്ജറ്റിൽ വകയിരുത്താനും അവരുടെ വേതനം വർദ്ധിപ്പിച്ച് നൽകാനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ക്ഷേത്ര ആചാരസ്ഥാനികർക്കും കോലധാരികൾക്കും വേതനം നൽകുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക 5.50 കോടി രൂപയായി വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതിമാസ വേതനം രണ്ടായിരം രൂപയായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(2) നെയ്യാർ ലയൺ സഫാരി പാർക്ക്

ശ്രീ. സി. കെ. ഹരീന്ദ്രൻ: നെയ്യാർ ലയൺ സഫാരി പാർക്കിന്റെ അംഗീകാരം പുനഃസ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുന്നതിനും മിനി ലയൺ സഫാരി പാർക്ക് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ആവശ്യമായ സ്ഥല വിസ്തൃതി ഇല്ലാത്തതിനാലാണ് നെയ്യാർ ലയൺ സഫാരി പാർക്കിൽ കേന്ദ്ര മൃഗശാലാ അതോറിറ്റി പ്രവർത്തനാനുമതി റദ്ദാക്കിയത്. വനം വകുപ്പിന് പാർക്കിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും മൃഗശാലകളും സഫാരി പാർക്കുകളും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കേസ് നിലവിൽ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. മിനി ലയൺ സഫാരി പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര മൃഗശാലാ അതോറിറ്റിയെ സമീപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## (3) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം

ശ്രീ. വി. ആർ. സുനിൽ കുമാർ: സർക്കാർ അംഗീകൃത എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് 2019-20 അദ്ധ്യയനവർഷത്തെ തസ്തിക നിർണ്ണയമാണ് 2020-21, 2021-22 എന്നീ വർഷങ്ങളിലും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. കോവിഡ്

മഹാമാരി കാരണം 2020-21 അദ്ധ്യയനവർഷം നിയമനം നടത്തിയില്ല. 2021 ജൂലൈ മുതൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഭിന്നശേഷി സംവരണം പാലിക്കണമെന്ന വ്യവസ്ഥയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി അത് സ്റ്റേ ചെയ്തിരുന്നു. ഹൈക്കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് 2022-ൽ സംവരണക്രമം പാലിച്ച് അർഹരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും അതിനെതിരെ അപ്പീലുകൾ ഫയൽ ചെയ്യുകയും ആയത് ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഇതുസംബന്ധിച്ച കോടതി നിർദ്ദേശങ്ങളുടെയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനും അർഹരായവർക്ക് നിയമനാംഗീകാരം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) <u>റിപ്പോർട്ട് പരിഗണന</u>:

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(i) സംസ്ഥാനത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കുക

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): "ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും എന്ന ഫെഡറൽ തത്വത്തിന് അനുയോജ്യമല്ലാത്ത വിധത്തിൽ കേന്ദ്ര സർക്കാർ ജി.എസ്.ടി. വഴി സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരത്തിൽ മുഖ്യപങ്ക് കരസ്ഥമാക്കുകയും ജി.എസ്.ടി. പരിധിയിൽ വരാത്ത പെട്രോളിനും ഡീസലിനും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ്സ് വലിയതോതിൽ ഏർപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. കൂടാതെ, ഡിവിസിബിൾ പൂളിൽനിന്ന് സംസ്ഥാനത്തിന് നീതിയുക്തമായി ലഭിക്കേണ്ട വിഹിതത്തിൽ ഗണ്യമായി കുറവ് വരുത്തി കേവലം 1.925 ശതമാനമാക്കുകയും റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വൻതോതിൽ കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു. രാജ്യത്ത് ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതുമൂലമുള്ള നികുതി നഷ്ടം നികത്തുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി ജനങ്ങളിൽനിന്ന് സെസ്സ് പിരിക്കുന്നത് തുടരുമ്പോഴും പ്രസ്തുത നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് നൽകുന്നത് നിർത്തലാക്കുകയും

സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഗണ്യമായി വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം പൊതുകണക്കിലുള്ള തുക പൊതുകടമായി കണക്കാക്കി വായ്പയെടുക്കുന്നത് പരിമിതപ്പെടുത്തുന്ന നടപടിയും സ്വീകരിക്കുന്നു. സർക്കാർ ഏജൻസികളുടെ വായ്പ, സർക്കാർ കണക്കിൽപ്പെടുന്നില്ലെന്ന് പാർലമെന്റിൽ വ്യക്തമാക്കിയെങ്കിലും കേന്ദ്ര സർക്കാർ അത്തരം വായ്പയെടുക്കുന്നത് തുടരുമ്പോൾത്തന്നെ വിവേചനപൂർണ്ണമായി, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന് കടമെടുക്കാനുള്ള അനുമതിയും അറുപത്തിരണ്ട് ലക്ഷത്തിലധികം വരുന്ന ക്ഷേമപെൻഷൻകാർക്ക് യഥാസമയം പെൻഷൻ നൽകുന്നതിന് സംസ്ഥാനം രൂപീകരിച്ച സാമൂഹ്യ സുരക്ഷ പെൻഷൻ ലിമിറ്റഡിന് വായ്പയെടുക്കുന്നതിനുള്ള അനുമതിയും നിഷേധിച്ച് നിർവ്വീര്യമാക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങളെയും പദ്ധതികളെയും ദുർഗമമാക്കുന്ന നയങ്ങളും നടപടികളും തിരുത്തി ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

സംസ്ഥാനത്തോട് വിവേചനപരവും ജനാധിപത്യ-ഭരണഘടനാ വിരുദ്ധവുമായ നിലപാട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത് പ്രതിഷേധാർഹമാണ്. ബി.ജെ.പി. ഇതര സംസ്ഥാന സർക്കാരുകളെ രാഷ്ട്രീയമായും സാമ്പത്തികമായും തകർക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. എം.എൽ.എ.-മാരെ വിലയ്ക്ക് വാങ്ങി കേരളത്തെ അസ്ഥിരീകരിച്ച് ഒരു ബി.ജെ.പി. സർക്കാർ രൂപീകരിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കിയതിനാൽ അർഹതപ്പെട്ട വിഹിതം നൽകാതിരിക്കുക, കടം വാങ്ങൽ പരിധി നിശ്ചയിക്കുക തുടങ്ങിയ നടപടികളിലൂടെ സംസ്ഥാന സർക്കാരിനെ പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുന്ന നിലപാട് സ്വീകരിച്ചുവരികയാണ്. കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി വിഭവ സമാഹരണത്തിനുള്ള സംസ്ഥാനത്തിന്റെ അധികാരം പരിമിതപ്പെടുകയും വരുമാനത്തിന്റെ ഭൂരിഭാഗവും കേന്ദ്ര സർക്കാരിൽ കേന്ദ്രീകരിക്കുകയും ചെലവുകളുടെ ഭൂരിഭാഗവും സംസ്ഥാനങ്ങൾ വഹിക്കേണ്ടിവരികയും ചെയ്യുകയാണ്. ജി.എസ്.ടി. വരുമാനം വീതംവയ്ക്കുന്നതിൽ സഹകരണ ഫെഡറലിസത്തിനെതിരായ നിലപാട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതുമൂലം സംസ്ഥാനങ്ങൾ ധനപ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്തെ ദുർബലപ്പെടുത്താനുള്ള കേന്ദ്രത്തിന്റെ

ജനാധിപത്യവിരുദ്ധ നടപടികൾക്കെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് നിൽക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

രണ്ടാം ഖണ്ഡികയിൽ "കേന്ദ്രസർക്കാരിനോട്" എന്നതിനുപകരം "കേന്ദ്ര സർക്കാരിനോടും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിക്കേണ്ട ഐ.ജി.എസ്.ടി. വിഹിതം വൻതോതിൽ നഷ്ടമാകുന്നത് തടയുവാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോടും" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: പ്രമേയത്തെ പിന്താങ്ങുന്നു. നികുതി പിരിക്കുന്നതിലും വിതരണം ചെയ്യുന്നതുമുൾപ്പെടെയുള്ള കാര്യങ്ങളിൽ സംസ്ഥാനത്തെ സമ്മർദ്ദത്തിലാക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. പെട്രോൾ, ഡീസൽ എന്നിവയ്ക്ക് വലിയ തോതിൽ സെസ്സ് ഏർപ്പെടുത്തിയത് പ്രതിഷേധാർഹമാണ്. ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുള്ള നഷ്ടപരിഹാരത്തുക നൽകാത്തത് കേരളത്തോട് കാണിക്കുന്ന അവഗണനയാണ്. നികുതി വിഹിതം വെട്ടിക്കുറച്ചതും റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കിയതും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ

കേന്ദ്രവിഹിതത്തിൽ കുറവ് വരുത്തിയതും പ്രതിഷേധാർഹമാണ്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചത് ഭരണഘടനാവിരുദ്ധമാണ്. കേരളം കടക്കെണിയിലാണെന്ന തരത്തിലുള്ള പ്രചാരണം നടത്തുന്നത് അടിസ്ഥാനരഹിതമാണ്. സർക്കാർ ഏജൻസികൾ എടുക്കുന്ന വായ്പകൾപോലും ഇപ്പോൾ സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ വരികയാണ്. സംസ്ഥാന സർക്കാരുകളുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്.

ശ്രീ. എ. പി. അനിൽകുമാർ: പ്രമേയത്തെ പിന്താങ്ങുന്നു. ഈ വിഷയം ഔദ്യോഗിക പ്രമേയമായി അവതരിപ്പിക്കാത്ത നടപടി ഖേദകരമാണ്. സംസ്ഥാനത്തിന്റെ ബഡ്ജറ്റ് രേഖകളിൽ തെറ്റായ കണക്കുകളാണ് നൽകിയിരിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: പ്രമേയത്തെ പിന്താങ്ങുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചാണ് സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും നടത്തുന്നത്. തെറ്റായ കേന്ദ്ര നയത്തിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തിൽ ഏതാണ്ട് 40,000 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുമായി പങ്കുവയ്ക്കേണ്ട നികുതി വിഹിതം

കുറഞ്ഞുവരികയും ആസൂത്രണ കമ്മീഷൻ ഉണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രസഹായം നിർത്തലാക്കുകയും ചെയ്തിരിക്കുകയാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസും കോച്ച് ഫാക്ടറിയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയതിന്റെ ഫലമായി സംസ്ഥാനത്തിന് 10000 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാലാവധി നീട്ടണമെന്ന ആവശ്യം ഉന്നയിച്ചത് കേരളമാണ്. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത സെസ്സും സർചാർജ്ജും ചുമത്തി കേന്ദ്രസർക്കാർ ജനങ്ങളെ കൊള്ളയടിക്കുകയാണ്. പ്രമേയത്തിൽ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് സഭയിൽ വിശദമായ പ്രസ്താവന നടത്തിയിട്ടുള്ളതും ക്യാബിനറ്റ് ഒരു പ്രമേയം അംഗീകരിച്ച് പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് വിശദമായ ഒരു മെമ്മോറാണ്ടം

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രമേയം അംഗീകരിക്കേണ്ടതില്ല.

ഭേദഗതി സഭ നിരാകരിച്ചു.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ii) ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക

ശ്രീ. എൻ. ഷംസുദ്ദീൻ: "സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെത്തുടർന്ന് രാജ്യത്തെ അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പുവഴി ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വന്നിരുന്ന

പ്രീമെട്രിക് സ്കോളർഷിപ്പ്, ഒൻപത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം. 2022-23-ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവച്ച വിഹിതത്തിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ, റീഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപപോലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ആയതിനാൽ ന്യൂനപക്ഷവിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വരനടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: പ്രമേയത്തെ പിന്താങ്ങുന്നു. രണ്ടരലക്ഷം രൂപ വരുമാന പരിധിയുള്ള ന്യൂനപക്ഷവിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിന് പരിഗണിച്ചിരുന്നത്. പട്ടികജാതി വിദ്യാർത്ഥികളടക്കമുള്ളവരുടെ സ്കോളർഷിപ്പ് നിർത്തലാക്കിയതിനുപുറമെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെയും സ്കോളർഷിപ്പ് വെട്ടിക്കുറയ്ക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. ഇത് നിരവധി വിദ്യാർത്ഥികളുടെ പഠനത്തെ തടസ്സപ്പെടുത്തുകയാണ്. പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന സ്കോളർഷിപ്പ് പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. എം. നൗഷാദ്</u>: പ്രമേയത്തെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷവിരുദ്ധ നിലപാടിനെ അംഗീകരിക്കുകയും ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സംസ്ഥാന ഗവൺമെന്റിനെ കുറ്റം പറയുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രനിലപാടുകൾക്കെതിരെ കേന്ദ്രത്തിലാണ് പ്രമേയം അവതരിപ്പിക്കേണ്ടത്. ഇവിടെ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളെല്ലാം സർക്കാർ ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷക്ഷേമ

പ്രവർത്തനങ്ങളിൽ രാജ്യത്തിനുതന്നെ മാതൃകയായിട്ടാണ് കേരളം മുന്നോട്ടുപോകുന്നത്.

ശ്രീ. പി. ഉബൈദുള്ള: പ്രമേയത്തെ പിന്താങ്ങുന്നു. വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി നിയോഗിച്ച സച്ചാർ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പല പദ്ധതികളും സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ന്യൂനപക്ഷവിരുദ്ധ സമീപനം സ്വീകരിക്കുന്നത് ഖേദകരമാണ്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

******